(ബി) ഇതിനകം എവിടെയെങ്കിലും സ്മാർട്ട് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ആദ്യ സ്മാർട്ട് പോലീസ് സ്റ്റേഷൻ മലപ്പുറത്ത് ആരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ ഈ സാമ്പത്തിക വർഷം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷനെ സ്മാർട്ട് പോലീസ് സ്റ്റേഷനായി മാറ്റുന്നതിനും ഇതിനായി തൈയ്ക്കാട് വില്ലേജിലെ റീ-സർവ്വെ നമ്പർ 26-ൽപ്പെട്ട 6.88 ആർ സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും അന്തിമ അറിയിപ്പ് ലഭിച്ചിട്ടില്ല.

ആർ.എസ്.എസ്.-ബി.ജെ.പി. ആക്രമണം

213 (221) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ നടത്തിയ ബോംബ് ആക്രമണങ്ങളിലും മറ്റ് ആക്രമണങ്ങളിലും സി.പി.ഐ. (എം) പ്രവർത്തകരുടെ എത്ര വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) സംഭവങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്ര ; കേസുകളിലെല്ലാം കൂടി പ്രതികളായിട്ടുള്ളവർ എത്ര ; എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; ഇപ്പോഴും അന്വേഷണം പൂർത്തിയായിട്ടില്ലാത്ത കേസുകൾ എത്ര ;

(സി) ആർ.എസ്.എസ്. ആക്രമണങ്ങളിൽ വീട് നഷ്ടപ്പെട്ട ഏതെങ്കിലും സി.പി.ഐ.(എം) പ്രവർത്തകന് നഷ്ടപരിഹാരം സർക്കാർ നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ നടത്തിയ ബോംബ് ആക്രമണങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരുടെ 10 വീടുകൾക്കും, മറ്റ് ആക്രമണങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരുടെ 95 വീടുകൾക്കുമാണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ അക്രമ സംഭവങ്ങളിൽ പോലീസ് 114 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെല്ലാം കൂടി 779 പേർ പ്രതികളായിട്ടുണ്ട്. കേസുകൾ ഭൂരിഭാഗവും വിചാരണയിലാണ്. ഒരു കേസിലും കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. 34 കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതുമാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

മൈക്രോ ഫിനാൻസ്

214 (222) ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ, മൈക്രോ ഫിനാൻസ് സംബന്ധമായി തട്ടിപ്പു നടത്തിയെന്ന പരാതിയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന പോലീസ് സംഘമാണ് അന്വേഷണം നടത്തുന്നത് ;

(ബി) മൈക്രോ ഫിനാൻസിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എത്ര ശതമാനം പലിശയ്ക്ക് നേടിയ തുക എത്ര ശതമാനം അധിക പലിശയ്ക്ക് നൽകി എന്നാണ് പരാതി; വിശദമാക്കുമോ ;

(സി) വായ്പ സ്ത്രീകൾ തിരിച്ച് നൽകിയിട്ടും ബാങ്കുകളിൽ അടച്ചിട്ടില്ലെന്ന പരാതിയിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; ഇതും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ;

(ഇ) അന്വേഷണത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly